**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6710** **11-07-2024 - ൽ മറുപടിയ്ക്ക്**

**അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾക്ക് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പ്രവേശിക്കുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന 3 സന്ദർശന സഹായകേന്ദ്രങ്ങൾ വഴി സന്ദർശന പാസ് നേടി അംഗീകൃത അധ്യാപക- സർവ്വീസ് സംഘടനാ ഭാരവാഹികൾക്ക് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പ്രവേശിക്കാവുന്നതാണ്. |
| (ബി) | അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾക്ക് നിലവിൽ പ്രവൃത്തി സമയങ്ങളിൽ സെക്രട്ടേറിയറ്റിന്റെ അകത്ത് പ്രവേശിക്കുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | സർക്കാർ അംഗീകൃത അധ്യാപക-സർവീസ് സംഘടനാ ഭാരവാഹികൾക്ക് പൊതുഭരണ വകുപ്പ് എന്തെങ്കിലും തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംഘടനാ ഭാരവാഹികൾക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പൊതുഭരണ വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകുന്നില്ല. സെക്രട്ടേറിയറ്റിൽ അധ്യാപക - സർവ്വീസ് സംഘടനാ ഭാരവാഹികൾക്ക് ഔദ്യോഗിക യോഗങ്ങൾക്ക് സംഘടനകളെ ക്ഷണിക്കുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട യോഗ നോട്ടീസിന്റെ അടിസ്ഥാനത്തിൽ പ്രവേശനം സാധ്യമാണ്. മറ്റ് സന്ദർഭങ്ങളിൽ സെക്രട്ടേറിയേറ്റിലെ മൂന്ന് സന്ദർശന സഹായകേന്ദ്രങ്ങളിൽ നിന്നും സന്ദർശന പാസ് നേടി പ്രവേശനം സാധ്യമാണ്. |

സെക്ഷൻ ഓഫീസർ